# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3852      17/10/2011-ൽ മറുപടിക്ക്

### നിബിഡവനങ്ങളിൽ നിന്ന് ആദിവാസികളെ മാറ്റിപ്പാർപ്പിക്കാൻ പദ്ധതികൾ

| ചോദ്യം | | | മറുപടി |
|---|---|---|---|
| | ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. അൻവർ സാദത്ത് | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ | സംസ്ഥാനത്തെ നിബിഡവനങ്ങളിൽ താമസിക്കുന്ന ആദിവാസികളെ മാറ്റി പ്പാർപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ മുമ്പിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ; | എ | സംസ്ഥാനത്തെ നിബിഡവനങ്ങളിൽ താമസിക്കുന്ന ആദിവാസികളെ മാറ്റി പ്പാർപ്പിക്കുന്നതിന് 2006-ലെ പട്ടികഗോത്രവർഗ്ഗങ്ങളും മറ്റു പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീകരിക്കൽ) ആക്ടിലെ വ്യവസ്ഥകൾക്ക വിധേയമായി മാറ്റിപ്പാർപ്പിക്കുന്നതിനുള്ള ഒരു പദ്ധതി വനം വകുപ്പിനുണ്ട്. ഇതിന്റെ ഭാഗമായി വയനാട് വന്യജീവി സങ്കേതത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുൾപ്പെടെയുള്ളവരെ വനത്തിന് പുറത്തേക്ക് മാറ്റിപ്പാർപ്പിക്കുവാനുള്ള ഒരു പദ്ധതി വനം വകുപ്പ് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| ബി | ഈ പദ്ധതിക്ക് കേന്ദ്ര സഹായം ലഭ്യമാണോ ; വിശദാംശങ്ങൾ എന്തെല്ലാം ; | ബി | ഈ പദ്ധതിയ്ക്കായി കേന്ദ്രസഹായം ഇതുവരെ ലഭിച്ചിട്ടില്ല. എന്നാലിത് കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ്. |
| സി | ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം ? | സി | സന്നിദ്ധാവസ്ഥയിലുള്ള വന്യമൃഗസങ്കേതങ്ങൾക്കുള്ളിലും (Critical wild life Habitats) വനമേഖലയോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളിലും മനുഷ്യരും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷം ലഘൂകരിക്കുന്നതിനും വന്യമൃഗങ്ങളുടെ സ്വതന്ത്ര സഞ്ചാരം ഉറപ്പു വരുത്തുന്നതിനും ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ പദ്ധതി. |

സെക്ഷൻ ഓഫീസർ